വാണിജ്യോത്സവമായിത്തീർന്ന ഓണം

മാതൃഭൂമി [illegible]-20, 92

ഒരു കൊയ്ത്തുത്സവത്തിന്റെ പരിണാമമാണ് ഓണമെന്നു പറയാറുണ്ട്. പക്ഷേ ഇന്നത് ഒരു വാണിജ്യോത്സവമായിരിക്കുന്നു കേരളത്തിൽ!

ഐതിഹ്യമെന്നോ, സാമൂഹികസംബന്ധിയായ ഒരു ഗതകാലസൗഭാഗ്യത്തിന്റെ സ്മരണയെന്നോ, കാർഷികോത്സവമെന്നോ വ്യാഖ്യാനിക്കത്തക്ക ആയാമ്യത അതിനുണ്ട്. മനുഷ്യനെയും മനുഷ്യനെയും തമ്മിൽ അടുപ്പിക്കാനും അവരുടെയിടയിൽ സൗഹൃദത്തിന്റെ സൗരഭ്യം പരത്താനും വേണ്ടുവോളം അവസരങ്ങളുള്ളതാണ് ഓണമെന്ന സങ്കല്പം!

മഹാബലി ഒരു ചരിത്രപുരുഷനാണെന്നവകാശപ്പെടാനുള്ള കരുക്കൾ പണ്ഡിതന്മാരുടെ കൈയിലില്ല. ഇതിഹാസകഥയിലെ ഒരു കഥാപാത്രവുമായി അദ്ദേഹത്തെ ബന്ധിപ്പിച്ചത്, തികച്ചും ദ്രാവിഡജീവിതബന്ധിയായ ആഘോഷത്തെ ആര്യവൽക്കരിച്ച്, ആര്യസംസ്കാരധാരയിലേക്ക് സ്വാംശീകരിക്കാൻ സ്വീകരിച്ച പ്രക്രിയയുടെ ഭാഗമായിട്ടായിരിക്കണം. ചരിത്രവസ്തുതയായാലുമല്ലെങ്കിലും, ആര്യന്മാരുടെ കുടിയേറ്റവും വ്യാപനവും ഭാരതത്തിൽ സമഗ്രമായി സാധിച്ചശേഷം, അവിടവിടെ നിലനിന്നിരുന്ന ദേശീയ സംസ്കാരങ്ങളെ ആര്യസംസ്കാരത്തിന്റെ അംശമായി സ്വീകരിച്ച്, സമന്വയം സാധിക്കുന്നതിനുള്ള താല്പര്യം വർധിച്ചു. തികച്ചും ദ്രാവിഡമായ ആശയങ്ങളും, ദേവ്ദേവീഗണങ്ങളും ആര്യന്മാരുടെ ദേവഗണങ്ങളിലെ അംഗങ്ങളായി ഭവിച്ചു. ശിവനും, കാളിയും മറ്റും ഇപ്രകാരം കയറ്റം നേടിയവരാണ്!

തികച്ചും വ്യത്യസ്തമായ ദായക്രമങ്ങളും ആചാരമര്യാദകളും അനുഷ്ഠാനങ്ങളുമുണ്ടായിരുന്ന കേരളത്തിലെ ജനങ്ങളെ, പൊരുത്തക്കേടൊന്നുമില്ലാത്ത വിധത്തിൽ, ആര്യസംസ്കാരധാരയിലേക്ക് ആവാഹിപ്പിച്ചു ലയിപ്പിച്ചത് അസാധാരണമായ സമന്വയം തന്നെയാണ്. മരുമക്കത്തായവും മക്കത്തായവും തമ്മിലുള്ള വിടവെത്രയെന്നു പറയേണ്ടതില്ല. അഗ്നിയെ സാക്ഷിനിർത്തിയുള്ള, ദൈവികത്വ സംസ്കാരമായി പരിഗണിക്കുന്ന, വിവാഹ കർമാനുഷ്ഠാനങ്ങളോടുകൂടിയ ആര്യന്മാർക്ക്, യാതൊരുവിധമായ ദൈവികത്വവും കല്പിക്കപ്പെടാത്ത, ഒരു വെറും കരാറായിട്ടുള്ള പുടവ കൊടുക്കലിനെ പോലും കല്യാണമായിട്ടംഗീകരിച്ചുൾക്കൊള്ളാനുള്ള വിശാലതയുണ്ടായത് മറ്റൊരു മഹാത്ഭുതമാണ്!

> **ആദ്യകാലത്ത് ഓണം കാർഷികോത്സവം എന്ന നിലയ്ക്കാണ് ആഘോഷിച്ചിരുന്നത്. ഇന്ന് അത് വാണിജ്യോത്സവമായി മാറിയിരിക്കുന്നു. പണ്ട് കാർഷികോത്സവമായിരുന്നപ്പോൾ നാട്ടിലെ കൃഷീവലരുടെ കളപ്പുരകൾ നിറഞ്ഞിരുന്നു. ഇന്നാകട്ടെ നാട്ടിലെ നാണയങ്ങൾ അന്യദേശങ്ങളിലേക്ക് ഒഴുകുന്നു...**

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ആര്യന്മാരുടേതിനെക്കാൾ എത്രയോ പ്രാചീനമായ സംസ്കാരം കേരളത്തിലും തമിഴ്നാട്ടിലും നിലവിലുണ്ടായിരുന്നു. അവയുമായി തന്മയത്വം സാധിച്ച്, സ്വാംശീകരിച്ച് ദക്ഷിണാപഥത്തെ ഹൈന്ദവീകരിച്ചത്, അനാദികാലം മുതൽ ഇവിടെ നിലവിലിരുന്ന സംയോജനാഭിനിവേശത്തിന്റെ പ്രത്യക്ഷമായ തെളിവാണ്. ഇതിന്റെ ഒരംശമായിട്ടായിരിക്കാം, അസുരരാജാവായ മഹാബലിയെ ആര്യന്മാരുടെ ഇതിഹാസവുമായി ബന്ധപ്പെടുത്തിയത്.

ഇവയൊക്കെ പഴയകാര്യങ്ങൾ! പറയാനും ചിന്തിക്കാനും കൗതുകം തരുന്ന വസ്തുതകൾ! നമുക്ക് വർത്തമാനകാലത്തെ അവസ്ഥയിലേക്കു മടങ്ങാം!

ഒരു കാലത്ത് ഓണം ഹൈന്ദവരുടെമാത്രം ഉത്സവമായിക്കാണാൻ താല്പര്യമുള്ള വിഭാഗങ്ങൾ ഇവിടെയുണ്ടായിരുന്നു. ഈ ലേഖകന്റെ ബാല്യത്തിൽ ഇത് പ്രത്യക്ഷമായിരുന്നത് സ്വാനുഭവങ്ങളെയാസ്പദമാക്കി ആണയിട്ടു പറയാനൊക്കും. ഇന്നേതായാലും, അനാരോഗ്യകരമായ അത്തരം വിഭാഗീയ വിചാരങ്ങൾ ഇല്ലാതായി. ഓണത്തെ കേരളീയരുടെ ഒരു ദേശീയോത്സവമായി എല്ലാ ജനങ്ങളും സന്തോഷത്തോടെ സ്വീകരിക്കുന്നു. ഈ ഏകീകരണം ഉറപ്പിക്കാനും വളർത്താനുമുതകുന്ന വ്യാഖ്യാനങ്ങളിൽ പ്രധാനപ്പെട്ടതാണ് അതൊരു കാർഷികോത്സവമാണെന്നുള്ളത്.

ഇന്നു ഇതിന് കുറെക്കൂടെ ശക്തിയുള്ള ഒരു മാനം കൈവന്നിട്ടുണ്ട്—കാലത്തിനൊത്ത വാണിജ്യവൽക്കരണം! കായികവിനോദങ്ങളും നാടൻ കലകളും പ്രോത്സാഹിപ്പിക്കാനും അവതരിപ്പിക്കാനുമുള്ള അഭിനിവേശം നല്ലതുതന്നെ. നവീകരണത്തിനുള്ള ഉത്സാഹം പല നാടൻ കലകളുടെയും നടുവൊടിക്കുന്നുണ്ട്. നാടൻ കലകളിൽ കുറെ 'ഗ്ലാമറും' 'ആക്ഷനും' കലർത്തിയില്ലെങ്കിൽ ആരും അവകാണാൻ കൂടുകയില്ലെന്നാണ്, ഒരിക്കൽ ഒരു നടുവൊടിഞ്ഞ നാടൻകല കണ്ടപ്പോൾ, അതവതരിപ്പിച്ച 'ഡയറക്ടറോട്' ചോദിച്ചതിനു കിട്ടിയ മറുപടി! ഓണാഘോഷത്തോടനുബന്ധിച്ചുള്ള അരങ്ങുകളിൽ ഇങ്ങനെ 'ഗ്ലാമറും' 'ആക്ഷനും' ഉള്ള കലകളായിരിക്കും കാണാൻ സാധിക്കുന്നത്!

ഓണക്കാലം ശരിയായ കൊയ്ത്തുകാലമാക്കിത്തീർക്കുന്നവരാണ് വ്യവസായികൾ! ഉപഭോക്തൃവിഭവങ്ങൾ വലിയതോതിൽ വിപണിയിലിറക്കി, ജനങ്ങളെക്കൊണ്ടു വാങ്ങിപ്പിക്കാനുള്ള സകല തന്ത്രങ്ങളും അവർ സ്വീകരിക്കുന്നു. പരസ്യങ്ങളിലൂടെയാണ് ഉത്സവാന്തരീക്ഷത്തിന്റെയുന്മാദം ജനങ്ങളിലുണ്ടാക്കുന്നത്. കൂടുതൽ പരസ്യങ്ങൾ കിട്ടുമെന്നുറപ്പുവരുത്താൻ ബഹുജനമാധ്യമങ്ങളും ലഹരി വർധിപ്പിക്കുന്ന വാർത്തകളും ഫീച്ചറുകളും പ്രസിദ്ധപ്പെടുത്തുന്നു. വാണിജ്യോത്സവമാക്കുന്നതിൽ പങ്കുചേരുന്നു!

നാടിന്റെ നാനാഭാഗങ്ങളിൽ സംഘടിപ്പിക്കുന്ന ഓണച്ചന്തകൾക്കതിരില്ല. വിലയിൽ സ്പെഷ്യൽ കിഴിവില്ലാത്ത സാധനങ്ങളൊന്നുമില്ലെന്നാണ് വിളംബരം! കിഴിവുകഴിയുമ്പോഴും കഴിഞ്ഞ ഓണത്തിനുണ്ടായിരുന്നതിനെക്കാൾ, വില ഇരുപതുശതമാനത്തിലധികമുണ്ടെന്ന വസ്തുത, പാവം ജനം അറിയാറില്ല; അറിയാനാഗ്രഹിക്കുന്നുമില്ല! സർക്കാരും മറ്റു സ്ഥാപനങ്ങളും 'ഫെസ്റ്റിവൽ അലവൻസും/അഡ്വാൻസും' ഏർപ്പെടുത്തി ജോലിക്കാരുടെ കൈയു നിറച്ചു കാശിട്ടുകൊടുക്കുന്നതു മറന്നുകൂടാ. വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള ഒരു പദ്ധതിയായി ഓണത്തെ സർക്കാർ കാണുന്നു. എല്ലായിടത്തും ഓണലഹരി! കാശുള്ളവരുടെ കീശ കാലിയാകാനും, കാശില്ലാത്തവരെ കൂടുതൽ കടക്കാരാക്കാനും ഓണാവേശം ധാരാളം മതി. ഓണം കഴിഞ്ഞുള്ള മാസങ്ങളിൽ, ലഹരി വിടുമ്പോഴാണ് നേരത്തെ കാണിച്ച കുരുത്തക്കേടുകളുടെ രൂപം ബോധ്യമാകുന്നതും, പശ്ചാത്തപിക്കുന്നതും!

കേരളത്തിൽ ഓണക്കാലത്തു വിറ്റഴിയുന്ന വിഭവങ്ങളെല്ലാം തന്നെ അന്യസംസ്ഥാനങ്ങളിൽ ഉല്പാദിപ്പിച്ച് ഇവിടെ കൊണ്ടുവരുന്നവയാണ്. ജൗളി, ആഡംബര വസ്തുക്കൾ, ഉപഭോക്തൃവിഭവങ്ങൾ, എന്തിന് പാലും, മുട്ടയും, പച്ചക്കറിയും, അത്തപ്പൂവിടാനുള്ള പൂക്കളുമൊക്കെ വെളിയിൽ നിന്നു വരുന്നു. ഈ വിധേയത്വത്തിന്റെ ഉഗ്രതയെത്രയെന്ന്, കഴിഞ്ഞ ലോറി പണിമുടക്കുകാലത്ത് അനുഭവിച്ചറിഞ്ഞതാണല്ലോ. ഫലമോ? കേരളീയരുടെ കാശിന്റെ മുക്കാൽ പങ്കും അന്യദേശക്കാരുടെ കീശയിലാണെത്തിച്ചേരുന്നത്! ഓണത്തെ വാണിജ്യോത്സവമാക്കിയതും അതിനു പശ്ചാത്തലമൊരുക്കിയതും, പരോക്ഷമായി അവർ തന്നെ!

കേരളത്തിൽ അവിടവിടെയുല്പാദിപ്പിക്കുന്ന വിഭവങ്ങളെ ആസ്പദമാക്കി നടത്തിയിരുന്ന ഓണമെന്ന കാർഷികോത്സവം, അങ്ങിനെ വാണിജ്യോത്സവമായപ്പോൾ, നാട്ടിലെ നാണയങ്ങൾ അന്യദേശങ്ങളിലേക്ക് ഒഴുകുന്നു. പണ്ട് കാർഷികോത്സവമായിരുന്നപ്പോൾ അത് നാട്ടിലെ കൃഷീവലരുടെ കളപ്പുരകളാണ് നിറച്ചിരുന്നത്!

പല കാര്യങ്ങളിലെന്നപോലെ, ഈ അവസ്ഥയിൽ നിന്നും ഇനി തിരിച്ചുപോകുക സാധ്യമല്ല. രൂപാന്തരപ്പെട്ടാണെങ്കിലും, ഓണമെന്ന ആശയം, കേരളത്തിൽ നിന്നസ്തമിച്ചിട്ടില്ലെന്നോർത്ത് സമാധാനിക്കാനേ ഇനി വഴിയുള്ളു.